


# ആകാശപ്പട്ടങ്ങൾ

## മാഗസിൻ

ലിറ്റിൽ കൈറ്റ് യൂണിറ്റ്- 2019-20

ജി.എച്ച്. എസ്. എസ്. തരിയോട്

# ലിറ്റിൽ കൈറ്റ്സ്

## യൂണിറ്റ് അംഗങ്ങൾ





<u>ആശംസകളോടെ...............</u>

ടെസ്സി മാത്യു
പ്രധാനഅധ്യാപിക
ജി.എച്ച്.എസ്.എസ്. തരിയോട്

Download from Dreamstime.com

കേരളത്തിലെ പൊതുവിദ്യാലയങ്ങളിലെ ക്ലാസ്സ് മുറികളെല്ലാംഹൈടെക്ക് ക്ലാസ് മുറികളായി മാറുകയാണല്ലോ.മാറുന്ന വിദ്യാദ്യാസ രീതിക്കനുസരിച്ച് സ്ക്രൂൾ അന്തരീക്ഷവും പഠനരീതികളെല്ലാം മാറേണ്ടതുണ്ട് പുതിയ പാഠ്യപദ്ധതി രീതിയിൽ ലിറ്റിൽ കൈറ്റ്സ് എന്ന ഐ.ടി സേനക്ക് ഒരുപാട് കർത്തവ്യങ്ങൾ സ്ക്രൂളിൽ നിറവേറ്റതായിട്ടുണ്ട്.

ഐ.ടി മേഖലയിൽ പ്രത്യേക പരിശീലനം സിദ്ധിച്ച ഒരു ക്രൂട്ടം കുട്ടികളുടെ ഐ.ടി ക്രൂട്ടായിമയാണ് "ലിറ്റിൽ കൈറ്റ്സ്" എന്ന് ഞാൻ മനസ്സിലാക്കുന്നു തീർച്ചയായുംതരിയോട് ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്ക്രൂളിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റും ഈ മേഖലയിൽ പ്രാവീണ്യം നേടിയിട്ടുണ്ട്.

ഹൈടെക്ക്ക്ലാസ്മുറികളിലെഉപകരണങ്ങൾ കൈകാര്യം ചെയ്യുന്നതിലും ക്ലാസ് മുറികളിലെ ഐ.ടി അധിഷ്ഠിത വിദ്യാദ്യാസം നിലനിർത്തുന്നതിലും ഈ സ്ക്രൂളിലെ ലിറ്റിൽ കൈറ്റ് അംഗങ്ങൾക്ക് കഴിയുന്നതാണ്.

ഭാവിയിൽ കാര്യക്ഷമമായും കൃത്യനിഷ്ഠതയോടും ക്രൂടി സ്ക്രൂളിൽ നല്ല രീതിയിൽ ഐ.ടി പ്രവർത്തനങ്ങൾ

കാഴ്ച്ച വെക്കാൻ ഈ യൂണിറ്റിന് കഴിയട്ടെ.

എല്ലാവിധ ആശംസകളും നേർന്ന് കൊണ്ട്.........

# ആശംസകളോടെ......

ശിവാനന്ദൻ.എം(PTA PRESIDENT)

മേരിക്കുട്ടി (MPTA PRESIDENT)

ബാബു.ടി(Sr.Assistant)

## എഡിറ്റോറിയൽ

അബ്ദുൽ റഷീദ്.കെ (SITC,GHSS.THARIODE)

ശ്രീജ. കെ.ആർ (Little Kite Mistress)

അബനാസ് കൃഷ്ണ (Little Kite student Leader)

ബീരാൻ .ബി.എ(Jt.SITC,GHSS.THARIODE

Download from
Dreamstime.com

# താളുകൾ മറിക്കുമ്പോൾ ..........

## ഉള്ളടക്കം

പ്രളയം....8
അധികാരികൾ പ്രതികളാകുമ്പോൾ....10
ജീവിത വഴിത്തിരിവ്....12
ഉറൂബ്....14
അതേ പ്രാർഥന....16
കാർമേഘം....17
ഹൈടക്ക് വിദ്യാഭ്യാസം നേട്ടങ്ങളും കോട്ടങ്ങളും....18
WHAT WE DO....21
എന്റെ മഴ....22
തിരികെ വരുമോ ?....24
കുട്ടികവിത....25
പ്രളയം ബാക്കിവെച്ചത്....26
THAJ MAHAL....30
സുഖജീവിതം....31
അങ്ങനെയങ്ങനെ....32
മാർക്ക് ലിസ്റ്റ്....33
അവൾ പറയാതെ പോയത്....34
LIFE....36
നക്ഷത്രവും പൂവും....37
എഴുത്തുകാരെ അറിയുക....38
രക്ഷസ്....40
മരണമില്ലാത്ത ജീവിതം....44
ഊഞ്ഞാൽപ്പാട്ട്....45
നിഴൽ....46
കൊഞ്ചിപ്പാട്ടും പൂമ്പാറ്റ....47

# പ്രളയം

കവിത

കുത്തിയൊലിച്ചു ചെളിവെള്ളം
ഉരുകുന്നു മനസുകൾ സങ്കടത്താൽ
ഒന്നായി ജീവിക്കാം പ്രളയത്തെ
ഒരു മനസ്സാകാം ഇന്ന്

സ്വപ്നങ്ങൾ, ആഗ്രഹങ്ങൾ
ഒഴുകുകയാണീ ഭൂമിയിൽ
സ്നേഹങ്ങൾ, ത്യാഗങ്ങൾ
ഉണരുന്നൂ ഭൂമിയിൽ

ഒന്നായ് മനുഷ്യർ ഒരു സാഗരമായ്
മാറിയീ ഭൂമിയിൽ
സ്വപ്നങ്ങൾ പങ്കുവച്ചും
സ്നേഹങ്ങൾ പങ്കുവച്ചും
മാനവർ അലയുന്നീ ഭൂമിയിൽ



Kerala Infrastructure and Technology for Education

# അധികാരികൾ പ്രതികളാകുമ്പോൾ

നിരീക്ഷണം

മാറുന്ന പോലീസും
മാറ്റുന്ന നിയമവും

മാധ്യമ പ്രവർത്തകനെ വാഹനമിടിപ്പിച്ച് കൊന്ന കേസിൽ പ്രതിയായ ഐ.എ.എസ് ഉദ്യോഗസ്ഥനെ അറസ്റ്റ് ചെയ്തത് ജനരോഷം ഉയരാൻ തുടങ്ങിയതിന് ശേഷം മാത്രമാണ്.നിയമ പാലകർതന്നെ നിയമം കൈയ്യിലെടുക്കുമ്പോൾ തടയാൻ ആരുണ്ട്?ജനത്തെ മനസ്സിലാക്കി ജനത്തെ തിരുത്തി, ജനത്തെ നേർവഴിക്ക് നയിക്കേണ്ടവരാണ് പോലീസ്.ആ പോലീസ് തന്നെ നിയമ ലംഘനം നടത്തിയ അധികാരികൾക്കെതിരെ കേസെടുക്കരുത് എന്ന് നിയമം നിഷ്കർഷിക്കുന്നുണ്ടോ?മണിമാളികയിൽ വസിക്കുന്നവനും
കുടിലുകളിൽ അന്തിയുറങ്ങുന്നവർക്കും ഈ ഇന്ത്യാമഹാരാജ്യത്തിൽ
ഒരേ അവകാശമല്ലേ ഉള്ളത്?ഒരേ നിയമ വ്യവസ്ഥയല്ലേ ഉള്ളത്?
ഒരാളുടെ ജീവൻ പോയതിനുശേഷം പഴിച്ചിട്ട് കാര്യമുണ്ടോ? പോയത് ഒരു മകനാണ്,ഒരു അച്ഛനാണ്,ഒരു സഹോദരനാണ്,
ഒരു പൗരനാണ്.ആ വിടവ് നികത്താൻ കഴിയുമോ? കസ്റ്റഡിമരണങ്ങൾ
തുടർക്കഥകളാകുമ്പോൾ ഒരു കാര്യം ഓർക്കുക.നിയമം കൈയ്യിലെടുത്ത്തട്ടിക്കളിക്കാനല്ല മറിച്ച് അത് സംരക്ഷിക്കാനാണ് പോലീസുകാർ ഇനിയെങ്കിലും ഈ വ്യവസ്ഥിതി മാറുമോ?കരയുവാൻ കണ്ണീരില്ലാഞ്ഞിട്ടല്ല, ഇനിയും കരയുവാതിരിക്കാനാണ്.നിയമത്തിന്റെ കണ്ണുകൾ തുറക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു.

# ജീവിത വഴിത്തിരിവ്

ആത്മകഥ

വേനലിന്റെ ചൂടിനെ മറികടന്ന് മഴക്കാലം വരവായി. ഇന്ന് ജൂൺ 1 വേനലവധികഴിഞ്ഞ് സ്കൂളിലേക്ക് പോകാനൊരുങ്ങുകയാണ്.മഴയുടെ കുളിരിനെ ആസ്വദിച്ച് ഞാൻ ആദ്യമായി സ്കൂളിന്റെ വരാന്തയിലെത്തി. പുതിയ സ്കൂൾ പുതിയ കൂട്ടുകാർ ഞാൻ ആകെ വിഷ്ണനായി നിൽക്കുമ്പോഴാണ് ഞാൻ ആദ്യമായി അവളെ കാണുന്നത്. പിന്നീടുള്ള ഓരോ സ്കൂൾ ജീവിതത്തിലും ഒരു നല്ല കൂട്ടുകാരിയായി S.S.L.C കഴിയുന്നത് വരെ അവൾ എന്റെ കൂടെ ചിലവഴിച്ചു. എന്റെ സങ്കടങ്ങളിലും സന്തോഷങ്ങളിലും അവളെന്നും എന്റെ കൂടെ ഉണ്ടായിരുന്നു. അവളുടെ വേർപാട് എന്നെ വല്ലാതെ അലട്ടി. എന്റെ ഭ്രാന്തമായ ജീവിതത്തിലേക്ക് ഞാൻ മയക്കുമരുന്നിനെ കൂട്ടു പിടിച്ചു. അത് എന്നെ ആനന്ദലഹരിയിലാക്കി. ഞാൻ അതിൽ മതിമറന്ന് ഞാൻ എന്നെയും ലോകത്തെയും മറന്ന് ലഹരിയുടെ ലോകത്തിലേക്ക് ആഴ്ന്നിറങ്ങി. ഒരു ദിവസം ഞാൻ ഒരു ഇടുങ്ങിയ വഴിയിലൂടെ നടന്നകലുമ്പോഴാണ് ഞാൻ ഒരുപാടു നാളുകളുടെ ഇടവേളക്ക് ശേഷം ഞാൻ അവളെ കണ്ടുമുട്ടി. എന്തെന്നറിയാത്ത ഒരനശ്വരമായ മുഹൂർത്തം എന്റെ മുന്നിൽ വഴിതെളിഞ്ഞു നിന്നു. എന്റെ ജീവിതത്തിൽ പുതിയ അർഥം ഉണ്ടായ നിമിഷം അവൾ എന്നോട് കൂടുതൽ അടുത്തു. ഞങ്ങൾക്കിടയിൽ എന്താണുണ്ടായിരുന്നതെന്ന് എനിക്കറിയില്ല. എന്നാൽ അവളുടെ തിരിച്ചു- വരവ് എന്നെ പുതിയ ആളാക്കി മാറ്റി. അവൾ എന്നിൽ ന്നകന്നപ്പോൾ ഞാൻ എത്ര വിഭ്രാന്തനായിന്നോ അതിനേക്കാൾ എത്രയോ ഏറെ

**വികാരങ്ങൾ ആ നിമിഷങ്ങളിൽ എന്റെ ഉള്ളിൽ മാറിക്കഴിഞ്ഞു. അവളുമായി**
**ചിലവഴിച്ച ഈ നിമിഷത്തിൽ ഞാനായിരുന്നു ഈ ലോകത്തിലെ ഭാഗ്യവാൻ എന്ന് എനിക്ക് തോന്നി. അവൾ ഇല്ലാതായ നിമിഷം മുതൽ ഈ നിമിഷം വരെ ഞാൻ എന്തായിരുന്നു എങ്ങനെയായിരുന്നു എന്ന് അവളോട് ഞാൻ പങ്കുവെച്ചു. ജീവിതത്തിലെ സങ്കടങ്ങളും വികാരങ്ങളും ദുരന്തങ്ങളും വികാരപരിതവും ആർദ്രവുമായ ആ നിമിഷത്തിൽ ഞാൻ അവൾക്കുമുമ്പിൽ ഇറക്കിവെച്ചു. ഞാൻ അവളെ കണ്ട നിമിഷം ഒരിക്കലും പ്രതീക്ഷിക്കാത്ത ഒരു ദിനമായിമാറി. ജീവിതം എന്നെയും എന്റെ ജീവിതത്തെയും മാറ്റി മറിച്ചു. ഇന്ന് ഞാൻ ഇത്തരത്തിൽ മാറാൻ വിധി അവളെ എന്നരികിലേക്ക് പറഞ്ഞയച്ചു.ഇന്ന് ഞാൻ ഈ ലോകത്തിൽ ഒരു**
**പുതിയ മനുഷ്യനായി. ജീവിക്കാൻ ആ കണ്ടുമുട്ടൽ ഒരു വഴിത്തിരിവായാമാറി.**


ATHUL K 10

# ഉറൂബ്

ജീവചരിത്രം

## (1915-1979)

മലപ്പുറം ജില്ലയിലെ പൊന്നാനിയിൽ ജനനം. കേരള സാഹിത്യ അക്കാദമി അധ്യക്ഷനായിരുന്നു.കേന്ദ്ര കേരള സാഹിത്യ അക്കാദമി അവാർഡുകൾ ലഭിച്ചു. ഉമ്മാച്ചു,അമ്മിണി, സുന്ദരികളും സുന്ദരന്മാരും, മിണ്ടാപ്പെണ്ണ്,അണിയറ, മൗലവിയും,ഗോപാലൻനായരുടെ താടി,രാച്ചിയമ്മ, അപ്പുവിന്റെ ലോകം തുടങ്ങിയവ പ്രധാന കൃതികൾ



# അതേ പ്രാർഥന

## കവിത

വസന്തത്തോടർഥിച്ചതു വെറുതെയായില്ല, തേന്മ-
വടിമുടി പൂങ്കുലകളണിഞ്ഞു നിന്നു.
ഒരു പൂവും കൊഴിയാതെയിണ്ണികൾ നിരിഞ്ഞു, പിന്നി
ടൊരുണ്ണിയും പിഴയ്ക്കാതെ വളർന്നുവന്നു.
സമൃദ്ധി മുറ്റട്ടുംതോറും കുനിയുകെന്നറിവ്വറ്റ-
രനധ്യായം പഠിപ്പിച്ചിതതിനെച്ചണ്ടി.
വേനൽ ചുഴന്നുതിയുയതിൻ നിക്ഷേപമോരോന്നും
മാണിക്യരത്നങ്ങളാകാൻ മുതിർന്നേയുള്ളൂ
ആയിരമണ്ണാർക്കണ്ണന്മാർ പാഞ്ഞുകേറി കൊമ്പുകളി-
ലായിരം കാക്കകളതിൽപ്പറന്നു വീണു.
ആയിരം കൊച്ചടികളത്തണൽ  വിരിയിൽപ്പതിഞ്ഞു
മായികനഗരം പോലതോപ്പ ചമഞ്ഞു.
അയൽപ്പാതവക്കത്തന്നു വഴിപ്പണിക്കടച്ചിട്ടോ-
രുരുളൻകല്ലുകൾക്കൊക്കെച്ചിറകും വന്നു
എല്ലമെല്ലാം കഴിഞ്ഞപ്പോളമ്മാമരം കലുഷമാം
സ്വർലോകത്തിൻ നടയിങ്കൽക്കരഞ്ഞു നിന്നു
പിന്നത്തെ വസന്തത്തോടുംമർഥിക്കയായി,,,ഭാഗവനേ

**തന്നരുൾകെനിക്കു വീണ്ടും സഫലജന്മം.,,**

**BY**
**MUHAMMED JASAL**

# കാർമേഘം

## കവിത

നീലനിറവാനിൽ ഇരുളായ്
അകലും വെളിച്ചത്തിനടയാളമായി
ഇരുളെന്ന മാന്ത്രികച്ചായായി
മഴയെന്ന അനുഗ്രഹത്തിനുറവയായി
ദൈവമാണെനുഗ്രഹീതൻ തന്ന
മഴയൊന്നൊരാത്മാവിനെ തൊട്ട
ഇരുളെന്ന നാമമാണത്
ചിന്നിച്ചിതറും വർഷകമ്പവും
ചിണുങ്ങിപ്പെയ്യാൻ ചിങ്ങരാവും
പുകയായി മറയും തുലാമഴയും
എല്ലാമിതിന്നരുമമക്കൾ
മനസ്സിനൊരാനന്ദമായി
ആശ്വാസമായി കുളിരായ്
മായുന്നൊരീ കാർമേഘം
പുഞ്ചിരി തൂവുകയാണിതെന്നും .

# ഹൈടക്ക് വിദ്യാഭ്യാസം നേട്ടങ്ങളും കോട്ടങ്ങളും

ലേഖനം

എന്തുകാര്യത്തിനായാലും മേന്മകളും പോരായ്മകളുംഉണ്ടകും
കേട്ടറിയുന്നതിനേക്കാളും ഇന്നത്തെ തലമുറകണ്ടറിന്നതിനോടാ -
ണ് താൽപര്യമ കാണിക്കുന്നത് . കണ്ടും കേട്ടും ലഭിക്കുന്നവിദ്യാഭ്യാ
സത്തേ തന്നെയാണ് നാം പ്രോത്ധാഹിപ്പിക്കേണ്ടതും . ഹൈടെക്ക്
വിദ്യാഭ്യാസംഇതിന് അത്യുത്തവുമാണ് ഇതിൽ
ഒഴിച്ചുകൂടാൻപറ്റത്തതുമാണ് . വിദ്യാഭ്യാസസ്ഥപനങ്ങൾ നേരിട്ട -
ന്ന പ്രശ്നങ്ങളാണ് അടിസ്ഥാന സൗകര്യങ്ങളുടെ സഭ്യതക്കുറവ് ,
പ്രാഥമിക വിദ്യാഭ്യാസം നേടുന്നതിനുമുമ്പേ ഒരു വിഭാഗം വിദ്യാഭ്യാസ
സ്ഥാപനങ്ങളിൽ നിന്നും പിരിഞ്ഞുപോകുന്നത് .
അതിൽ ഭൂരിഭാഗവും പിരിഞ്ഞുപോകുന്നത് . വിദ്യാഭ്യാസത്തോട്
താൽപര്യം ഇല്ലാത്തതിനാൽ തന്നെയാണ് ഇങ്ങനെയുള്ള വിദ്യാ -
ർത്ഥികളിൽ കൗതുകം ജനിപ്പിക്കാനും അവരിൽ
വിദ്യാഭ്യാസത്തോട്ടുള്ള താൽപര്യം ഉണ്ടാക്കാനും ഹൈടക് -
വിദ്യാഭ്യാസത്തിന് സാധിക്കും .
" ചന്തനം ചാരിയാൽ ചന്തനം മണക്കും "
എന്നുപറയുന്നത്പോലെ ഒരു വിദ്യാഭ്യാസസ്ഥാപനം ഹൈടെ -

ക്ക് ആയാൽ അവിടത്തെ വിദ്യാർത്ഥികളും സ്വാഭാവികമായും അങ്ങനെതന്നെ ആയിത്തീരും . വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്തിയാൽ അത് രാജ്യത്തിന്റെ നിലവാരവും ഉയർത്തും അതിനാൽവിദ്യാഭ്യാസസ്ഥാപനങ്ങളിൽ അടിസ്ഥാനസൗകര്യങ്ങൾക്കുപിറമെ കൂടിതൽ സൗകകര്യങ്ങൾ

ഒരുക്കിക്കൊടുക്കേണ്ടത് അനിവീര്യമാണ് . ഇപ്പോൾ നിലനിൽ

കുന്നന്യൂനതകളെ ഹൈടെക്ക് വിദ്യാഭ്യാസം പരിഹരിക്കുന്നുണ്ട് . ഹൈടെക്ക് വിദ്യാഭ്യാസത്തിന്റെ ഭാഗമായി കുട്ടികൾക്ക് മികച്ച സാങ്കേതികവിദ്യകൾഉപയോഗിക്കാനുള്ള കഴിവ് ലഭിക്കുന്നുണ്ട് . എങ്കിലും ചില ന്യൂനതകൾ ഇതിൽ നിലനിൽക്കുന്നുണ്ട് . അചിസ്ഥാനം വിദ്യാഭ്യാസം നേടാതെ ഹൈസ്കൂളുകളിലേക്കെത്തുന്ന കുട്ടികൾക്ക് ഇതൊന്നും ഒരു

പ്രയോജനങ്ങളും നൽകുന്നില്ല . ക്ലാസ്സിൽ ധാരാളം വീ ഡിയോകൾ കണ്ടു എന്ന് എഴുതിവെച്ചാൽ പരീക്ഷ ഒരിക്കലും പാസാകില്ല . കുട്ടികളിൽ അച്ചടിഭാഷയെക്കുറിച്ച് ഒരു ബോധം നൽകണം . സാങ്കേതിക വിദ്യകൾ ഉപയോഗിക്കാൻ കുട്ടികളെ പ്രാപ്തമാക്കണം . ഇതൊന്നും ഇല്ലെങ്കിൽ ഹൈടക്ക് വിദ്യാഭ്യാസം കൊണ്ട് പ്രയോജനങ്ങൾ ഉണ്ടാവില്ല . സാങ്കേതിക തടസ്സങ്ങൾ സമയനഷടം വരുത്താറുണ്ട് . ഇതിനാൽ ഭൂരിഭാഗം ക്ലാസ്സ് ടൈമും വെറതേ നഷ്ടമകുകയാണ് . അധ്യാപകരേയും സങ്കേതിക വിദ്യകൾ ഉപയോഗിക്കാൻ പ്രപ്തമക്കണം . പ്രധാനമായും നേരിടുന്നത് സങ്കേതിക തടസങ്ങളും . വൈദ്യുത തടസ്സങ്ങളും -

തന്നെയാണ് . സ്കൂളിൽ എല്ലസമയവും വൈദ്യതി ലഭിക്കാണം
ഇല്ലാ എങ്കിൽ ഉപകരണങ്ങൾ പ്രവർത്തിക്കാൻ സാതികാതെവ -
രും ഇത് ഹൈടെക്ക് വിദ്യാഭ്യാസം നേരിടുന്ന പ്രശ്നം തന്നെയാണ്
വിദ്യാഭ്യാസത്തിൽ വന്ന വിപ്ലവം തന്നെയാണ് ഹൈടെക്ക് വി -
ദ്യാഭ്യാസം . ന്യൂനതകൾ ഉണ്ടെങ്കിലും മേന്മകളാണ്
കൂടുതലും . ശാസ്ത്രസാങ്കേതിക ബോദമുള്ള തലമുറയെ വാർ
ത്തിയെടുക്കുന്നതിൽ ഹൈടെക്ക് വിദ്യാഭ്യാസം ഒഴിച്ചു കൂടാനാകാത്ത
പങ്കുവഹിക്കുന്നുണ്ട് .



# WHAT WE DO

***poem***

*We are a part of the nature*
*animals, birds, trees and we*
*are the part of the nature*
*But what we do for nature*

*We are also againist for the nature*
*whild environment rivers all of the world*
*our is works was deep our*
*nature and all hind of thinks*

*we are killing nature*
*we poluting air water*
*earth and all the world*
*world also become this is our thought*


*we nat remember earth for all of*
*them thanks become animals, birds*
*trees all kind of them*

# എന്റെ മഴ

**ചെറുകഥ**

മഴ എന്നത് തീർത്തും അവിസ്മരണീയമായ ഒരനുഭവം തന്നെയാണ്. സ്വർഗ്ഗത്തിൽനിന്നതിരുന്ന മഴ പലപ്പോഴും മനസ്സിനെ കുളിരണിയിക്കുന്ന കാഴ്ച്ചയാണ്. എന്നാൽ എന്റെ മനസ്സിനെ കീഴടക്കിയത് ഭയാനകമായ മഴയാണ്. സ്കൂളിലേക്ക് വരും വഴി ഒറ്റപ്പെട്ട എന്നെ മഴത്തുള്ളികൾ ചതിച്ചു. കൈയിൽ നിന്ന് കുട പാറിപ്പോയ ഞാൻ എന്തു ചെയ്യണമെന്നറിയാതെ മിഴിച്ചു നിന്നു. ഒടുവിൽ മറ്റുള്ളവരുടെ സഹായം ആവശ്യപ്പെടേണ്ടി വന്നു. മുഴുവൻ നനഞ്ഞ് കുതിർന്ന് അന്ന് ഞാൻ പ്രകൃതിയെ തൊട്ടറാഞ്ഞു. എന്റെ മനസ്സിലെ എന്നെത്തെയു മഴയാണത്.

**MUHAMMAD AND SHADIL**



# തിരികെ വരുമോ ?

## കവിത

ഇനിയും കാണുമോ നിന്നെ  ഞാൻ ?
എങ്ങോ മറഞ്ഞുപോയ് കാടും മേടും
എങ്ങോ തിരിഞ്ഞുപോയ് എന്റെ പുഴകളും
കാടിന്റെ ഭംഗിയെ പുഴകൾ തൻ മഹിമയെ
പറയുക എങ്ങ് മറഞ്ഞുപോകുന്നു നീ
ഇലകൾക്കിടയിൽ അരിച്ചിറങ്ങുന്ന
സൂര്യപ്രകാശമേ തിരികെവ വരിക നീ
പാടത്ത് നിന്ന് വിയർപ്പൊഴുക്കുന്നൊരാ
കാർഷിക ജീവിതം ഇനിയുമുണ്ടാകുമോ ?
തോട്ടിൻകരകളിൽ ചാടികളിക്കുന്ന
ബാല്യങ്ങൾ ഇനിയും കാണുവാൻ കഴിയുമോ ?
മാവിൻ മുനമ്പിൽ മൂവാണ്ടൻമാങ്ങയ്ക്കായ് പൊങ്ങുന്ന
കല്ലുകൾ കാണുവാൻ കഴിയുമോ ?
പച്ചമാങ്ങയ്ക്കൊപ്പം ഉപ്പുംമുളകുമയി
ചിരിക്കുന്ന ബാല്യങ്ങൾ തിരികെവരുമോ
എങ്ങോ മറഞ്ഞുപോകുന്നോരീ
ഗ്രാമകാഴ്ച്ചകൾ ഇനിയും നമ്മുക്ക് വന്നുനിറയുമൊ

# കുട്ടികവിത

**ABANAS KRISHNA_9.B**

മൊഞ്ചുള്ള പഞ്ചമിത്തത്ത
പാറിപ്പറക്കുന്ന തത്തേ - നല്ല
മൊഞ്ചുള്ള പഞ്ചമിതത്തേ,
പാലും പഴവും ഞാൻ നൽകാം - കൂടെ
പോരുന്നോ പുന്നാരത്തത്തേ?
ഇല്ല വരില്ല ഞാനുണ്ണി - എന്റെ
കൂട്ടുകാർ പാറുന്ന കണ്ടോ?
കൂട്ടരോടൊത്ത് ഞാൻ പോകും - നല്ല
കാഴ്ചകൾ കണ്ട് പറക്കും.
കാത്തിരിപ്പുണ്ടെന്റെ കൂട്ടിൽ - നല്ല
ചേലൊത്ത കുഞ്ഞുങ്ങൾ രണ്ട്.
കുഞ്ഞിന് തീറ്റ കൊടുക്കും - പിന്നെ
താരാട്ട് പാടിയുറക്കും

# പ്രളയം ബാക്കിവെച്ചത്.....?

ലേഖനം

ഒരു കൊട്ടും ദുരന്തത്തിന് സാക്ഷിയായി സൂര്യൻ പ്രഭാതത്തിൽ ഉദിച്ചുവന്നു. എങ്ങും മുറവിളി ഉയർന്നു. സ്വന്തം കൂടപ്പിറപ്പിനെയും അച്ഛനമ്മമാരെയും കാണാതെ അവൻ ചുറ്റും തിരിഞ്ഞുനടന്നു. തൊട്ടടുത്തിതാ പാതി മണ്ണോട് ചേ ർന്ന് കിടക്കുന്ന അവന്റെ കൊടച്ച ഭവനവും. ഹോസ്റ്റലിൽ രാവിലെ വന്ന ആ കോൾ ഇങ്ങനെയൊരു ദുരന്ത വാർത്ത അറിയിക്കാനായിരുന്നു എന്ന് അവൻ വിചാരിച്ചില്ല. അവൻ ഒരു പാതിജീവിനുള്ളവനെപ്പോലെ പതറി നിന്നു. ചുറ്റുമുള്ളവർ അവനെ ആശ്വസിപ്പിക്കുന്നു. 'മോനെ അപ്പു സാരമില്ല്യ, ഇതൊന്നും നമ്മടെ കയ്യിലല്ലല്ലോ എല്ലാം ഈശ്വര നിശ്ചയം.' വൈകാതെ അവൻ യാഥാർത്യത്തിലേക്ക് വഴുതി വീണു,തനിക്കിപ്പോൾ തന്റെ അച്ഛനെയും അമ്മയേയും കൂടപ്പിറപ്പിനെയും നഷ്ടമായിരിക്കുന്നു. അവന് അത് ഉൾക്കൊള്ളാൻ കഴിഞ്ഞില്ല. കണ്ണിൽ നിന്ന് കണ്ണീർ വീഴും പോലെ അവൻ താഴേയ്ക്ക് വീണു. എല്ലാവരും ഓടിക്കൂടി,പിന്നീട് അവൻ കണ്ണുതുറന്നു നോക്കിയപ്പൊൾ മുകളിൽ കറങ്ങിക്കൊണ്ടിരിക്കുന്ന ഫാനിനെയാണ്

കണ്ടത്. അവൻ വിങ്ങി വിങ്ങി കരഞ്ഞു, തന്റെ വേണ്ടപ്പേട്ടവർ ഇല്ലാത്തലോകത്ത് താനും വേണ്ട എന്നവൻ ചിന്തിച്ചു, 'മരിക്കണം മരിക്കണം '. ഡോക്ടർ വന്നു.

'മോനെ എന്തിനാണ് നീ മരിക്കണം എന്ന് പറയുന്നത്? ജനിച്ചാൽ ഒരിക്കൽ മരിക്കണം, എന്നാൽ ആ ജീവിച്ചിരിക്കുന്ന കാലത്ത് നമ്മളാൽ കഴിയുന്നത് മറ്റുള്ളവർക്ക് ചെയ്ത് കൊടുക്കണം'.


'ഡോക്ടർ  ഞാനിനി എന്തിന് ജീവിക്കണം എന്റെ കൂടപ്പിറപ്പിനെയും അച്ഛനെയും അമ്മയെയും ഒക്കെ എനിക്ക് നഷ്ടമായി'.

‘എന്നെങ്കിലും ഒരിക്കൽ അവരെ നിനക്ക് നഷ്ടമാകും, അത് ഇച്ചിരി വേഗത്തിൽ ആയി എന്നെയുള്ളൂ. ഇനി നീ നിന്റെ ലോകത്തെ അറിയണം.’

വൈകാതെ അവൻ എല്ലാം ഉൾക്കൊണ്ടു. അവൻ തന്റെ അനുഭവങ്ങൾ എഴുതുവാൻ തുടങ്ങി. അതോടൊപ്പം പ്രകൃതിയെക്കുറിച്ചും. മനുഷ്യൻ പ്രകൃതിയോട് കാട്ടുന്ന ക്രൂരതകളെക്കുറിച്ചും അതിന്റെ ഭൗഷത്തുകളെക്കുറിച്ചും അവൻ എഴുതി. വൈകാതെ ആ പുസ്തകം പ്രസിദ്ധീകരിക്കപ്പെട്ടു, അവാർഡുകൾ കരസ്ഥമാക്കി. അവന് വേണ്ടപ്പെട്ടവരായി മണ്ണും, പ്രകൃതിയും, പുഴയും നിലക്കൊണ്ടു.ആരുമില്ലെന്ന്കരുതിയ അവന് ആരൊക്കെയോ ഉണ്ടെന്ന് തോന്നിത്തുടങ്ങി. പ്രളയത്തെ അവൻ അതിജീവിച്ചു.

**ABANAS KRISHNA 9-A**





# THAJ MAHAL

## poem

**you knew,emper or of India,shah Jahan.**
**That Iife,youth, wealth, renown**
**All flot away down the stream of time.**
**Your only dream**
**was to preserve forever your hear’s pain.**
**The harsh thunder of imperial power**
**would fade into sleep**
**Like a sunset’s crimson splendour**
**But it was your hope**
**That at least a single, eternally-heaved sigh**
**would stay**
**To grieve the sky.**
**Though emeralds, rubies, pearls are all**
**But as the glitter of a rainbow tricking out empty air**
**And must pass a way, yet still one solitary tear**
**would hang on the cheek of time**
**In the form**
**of this white and gleaming Taj Mahal**

# സുഖജീവിതം

ചെറുകഥ

" അമ്മയ്ക്കെന്താ ഇവിടെയൊരു കുറവ് .....എല്ലാ

സുഖസൗകര്യങ്ങളുമില്ലേ?"

മകൻ ഒച്ചയെടുത്തു.

"അഹങ്കാരം........ അല്ലാതെന്താ?"

മരുമകള് മുഷിവോടെ മുഖം തിരിച്ചു.

" വയസ്സുകാലത്ത് അച്ഛമ്മയെന്തിനാ അവിടെ താമസിക്കണോന്ന്

വാശിപിടിക്കുന്നത് ?"

ചെറുമകൻ കണ്ണുരുട്ടി.

" ശരിയാണു മക്കളേ....... ഇവിടെ എല്ലാ

സുഖസൗകര്യങ്ങളുമുണ്ട് , നല്ല

ഭക്ഷണം..... നല്ല കിടക്ക.....നല്ല

വസ്ത്രങ്ങള് . ....എ.സി. മുറികള് . .....

സഞ്ചരിക്കാൻ വാഹനം..... പക്ഷേ ഈ വൃദ്ധസദനത്തില് നിങ്ങള്

മൂവരും ഇല്ലല്ലോ."

# അങ്ങനെയങ്ങനെ

കവിത

മഴ വന്നു മഴ വന്നു
തുള്ളികളായങ്ങനെ
മഴ വന്നു മഴ വന്നു
കാറ്റു വീശിയങ്ങനെ
മഴ വന്നു മഴ വന്നു
മിന്നലുമയങ്ങനെ
മഴ വന്നു മഴ വന്നു
ഇടിയുമയിയങ്ങനെ
മഴ വന്നു മഴ വന്നു
കുളിരുമായിട്ടങ്ങനെ

# മാർക്ക് ലിസ്റ്റ്

ചെറുകഥ

പണികഴിഞ്ഞു വീട്ടിലെത്തിയപ്പോൾ ക്ഷീണം തോന്നിയതിനാൽ ,കാല് ടീപ്പോയിൽ കയറ്റിവച്ച സോഫയിൽ ഇരുന്നു.ഭാര്യ ഒരു കപ്പ് ചായയുമായി വന്നു.അതു കുടിച്ച്കൊണ്ടിരിക്കുമ്പോൾ മകൻ ഒരു പേപ്പറുമായി വന്നു.

ഇംഗ്ലീഷ് 12\100

ഹിന്ദി 19\100

കണക്ക് 17\100

ഫിസിക്സ് 14\100

കെമിസ്ട്രി 15\100

"എനിക്കെന്റെ നിയന്ത്രണം വിട്ടു.ഞാൻ; എടാ വിഢി.......ഏതു നേരവും മൊബൈലിൽ കുത്തിയിരുന്നോ......"

ഭാര്യ ;"ഞാനൊന്നു പറയട്ടെ....?"

ഞാൻ ;നീയൊന്നും പറയണ്ട.നീ അവനെ കൊഞ്ചിച്ച

വഷളാക്കിക്കോ.....

കണ്ടില്ലേ കുടുംബത്തിലെ ആരെങ്കിലും അവനെപ്പോലെ ഇത്ര

മോശമായിട്ടുണ്ടോ?

മകൻ; "അച്ഛാ......... ”

ഞാൻ ;"പോടാ എനിക്കു നിന്നെ കാണണ്ട.......”

ഭാര്യ പിന്നെയും: "ഞാനൊന്നു പറഞ്ഞോട്ടെ....”

മകൻ ;"അച്ഛാ....ഞാൻ നമ്മുടെ പഴയ അലമാര വൃത്തിയാക്കിയപ്പോൾ

കിട്ടിയതാ ഇത്.അച്ഛന്റെ പഴയ മാർക്ക് ലിസ്റ്റാ......!”

# അവൾ പറയാതെ പോയത്.....

കഥ

മല ഒലിച്ചിറങ്ങുകയാണ് കോരിച്ചൊരിയുന്ന മഴ കാറ്റ് ആഞ്ഞടിക്കുന്നു പാറക്കല്ലുകൾ വീടിനു മുകളിലേക്ക് ഏതുനിമിഷവും വീണേക്കാം എന്ന അവസ്ഥയിലാണ് . 3 ദിവസമായി രാമുവിൻെറ വീട്ടിൽ അടുപ്പ് പുകഞ്ഞിട്ട് കണ്ണീർ കടവത്ത് എന്തു ചെയ്യണമെന്നറിയാതെ നിൽക്കുകയാണവർ ഇനിയും വീട്ടിൽ നിന്ന് പുറത്തിറങ്ങിയില്ലെങ്കിൽ കുടുംബം പട്ടിണികിടന്ന് ചാവും. വീട്ടിലേക്കുള്ള വൈദ്യുതി ബന്ധം വിച്ഛേദിക്കപ്പെട്ടു. കൊടും കാടാണ് ചുറ്റും. പേടിപ്പെടുത്തുന്ന ഭീകരാന്തരീക്ഷം.വീട്ടിൽ നിന്ന് പുറത്തിറങ്ങാൻ കഴിയുന്നില്ല. ഉല്ലാസയാത്രയ്ക്കായിട്ടാണ് പുത്തുമലയിലെത്തിയത് . കാട്ടിനുളളിൽ അകപ്പെട്ടുപോയി. കഴിഞ്ഞ ദിവസത്തെ മലവെള്ളപ്പാച്ചിലിൽ ആ വീട്ടുടമസ്ഥൻ പോയി. രാമുവേട്ടാ നമുക്ക് പുറത്തുപോകാം.കുഞ്ഞുങ്ങൾ വിശന്ന് തളർന്നാ ഉറങ്ങുന്നത് . വീട്ടിലേക്കുള്ള വഴിയെങ്കിലും ആരോടെങ്കിലും ചോദിക്ക് ജീവിതത്തിലെ സകല സുഖങ്ങളും ഒരു നാഴിക നേരത്തെ വേഗനയിൽ മുങ്ങുമ്പോൾ ആ മലകളിൽ താമസിച്ചവരുടെ ദു:ഖം അവർ മനസിലാക്കി ഭാര്യയുടെ വാക്കുകൾ കേൾക്കുമ്പോൾ രാമു തകർന്നുപോകും. കാരണം അവൾക്കറിയില്ല ഇനി ജീവിതത്തിലേക്ക് തിരികെയെത്തുമോ എന്ന പ്രതീക്ഷ പോലും രാമുവിനില്ല. അച്ഛ, അച്ഛാ വിശക്കണച്ഛാ വല്ലതും തിന്നാൻ ഇനി എപ്പഴാ പറ്റുവാ? എനിക്ക് നേരെ നിൽക്കാൻ കഴിയണില്ല. ഞാൻ എടക്കെടക്ക് വീഴാ പോണപോലെ. മക്കൾ പറയുന്നത് അവരുടെ ഹൃദയത്തിൽ

നിന്നെന്ന പോലെയാണ് . പെട്ടെന്ന് എന്തും സംഭവിച്ചേക്കാം.ജീവൻ മരണ പോരാട്ടത്തിലാണവർ. അവൻ എന്തായാലും തീരുമാനിച്ചു കഴിഞ്ഞു. അവിടം വിടുക തന്നെ. പക്ഷെ അവന് ഭയമുണ്ടായിരുന്നു. രണ്ട് പിഞ്ചോമനകളെയും കൂട്ടികൊണ്ട് , അവർ ബാഗിൽ എല്ലാം നിറച്ചു.വാതിൽ തുറന്ന് പുറത്തിറങ്ങി. കൂരാകൂരിരുട്ടിലും മഴ കോരിച്ചൊരിയുന്നുണ്ടായിരുന്നു. പെട്ടെന്നായിരുന്നു അത് സംഭവിച്ചത് . രാമുവിൻെറ കയ്യിൽ നിന്ന് മൂത്തമകൾ മീര കൈവിട്ടു പോയി. അവൾ അഗാധങ്ങളിലേക്ക് മറയുമ്പോൾ നൊന്തു പ്രസവിച്ച അമ്മ നിലവിളിച്ചു. രാമവിൻെറ നെഞ്ച് പിടഞ്ഞു . ചേച്ചിയെ വിളിച്ച് കിരൺ നെഞ്ച് പൊട്ടി കരഞ്ഞു. അവൾ അവസാനം കൈവിട്ടു പോകുമ്പോഴും പറഞ്ഞു, അമ്മേ അടുത്ത നിമിഷം ഞാൻ പോയാലും ...... മുഴുവനാക്കാൻ പറ്റാതെ മുറിഞ്ഞു പോയ ആ വാക്കുകളിൽ നാളെയുടെ സുരക്ഷിതത്ത്വത്തെ അവൾ കാണാൻ ശ്രമിക്കുകയാണ്.

# LIFE

**poem**

**Life is not not a crystal stair......**
**It don’t show the things that.....**
**happened in life.............**
**Life is mixed with sadness**
**and happiness**
**But the life is don’t show**
**its refiection**
**We want to fly**
**upon the sadness**
**us an eagle flying**
**up on rain clouds**
**We want to fly**
**under the happiness**
**But not only under**
**the cloud of happiness**
**Life is not a crystal stair**
**it is a stair made by iron**
**it don’t show anything**
**Life is like different season**
**life is like the two side**
**of a coin**
**happiness and sadness are**
**the two side of coin**
**Life is full ofups and down**
**we want to over come**
**the problems in life**

# നക്ഷത്രവും പൂവും

കവിത

നക്ഷത്രമൊന്നിനെ കാട്ടി-വാനം
മുക്കുറ്റിയോടു ചോതിച്ചു:
ഉണ്ടോ ഒരെണ്ണമിവണ്ണം-നിന-
ക്കെന്നോടു മൽസരംക്കൂടാൻ?
താണുപോയല്ലോ ശിരസ്സ് - ചെടി-
ക്കീറാനായല്ലോ മിഴികൾ
ഇല്ലായ്യ സമ്മതിക്കുമ്പോൾ-വേറെ
വല്ലായ്യയെന്തുള്ള പാരിൽ?
അന്നേരമുണ്ടോ ശിരസ്സിൽ-ഒരു
കുഞ്ഞുപൂവിന്റെ വിരിയൽ!
രത്നം പതിച്ചതുപോലെ-അതിൻ
കാന്തിയെങ്ങും ചിതറുന്നു!
കണ്ണഞ്ചുമാറായി വ്യോമം-മണ്ണി-
ലിത്രയുണ്ടാവുമോ ചന്തം?
നക്ഷത്രമെത്ര നിസ്സാരം-ഇതാ
ഭൂമിയിലെ പൊന്നുതാരം!
അത്രയും താഴ്മയിൽനിന്നേ-വരൂ
ഇത്രയ്ക്കഴക് പൂവിന്നും!

# ജിവചരിത്രം

# എഴുത്തുകാരെ അറിയുക

**സാറതോമസ്**

**MUHAMMED JASAL**

**1934 ൽ തിരുവനന്തപുരത്ത് ജനനം. (ജിവിതം എന്ന നദി)**

**ആദ്യ നോവൽ. നാർമുടിപ്പുടവ എന്ന നോവലിന് കേരള സാഹിത്യ അക്കാദമി**

**അവാർഡ് ലഭിച്ചു. നീലക്കുറിഞ്ഞികൾ ചുവക്കും നേരം,**

**ഗ്രഹണം, അഗ്നി**

**ശുദ്ദി, അസ്തമയം, പവിഴമുത്ത്, മുറിപ്പാടുകൾ,അർച്ചന,**

**സാറതോമസിന്റെ കൃതികൾ (കഥസമാഹരം) തുടങ്ങിയവ**

**പ്രധാന കൃതികൾ.**

**എം.പി. പോൾ**

**(1904-1952)**

**വാരാപ്പുഴയിൽ ജനിച്ചു. ചങ്ങനാശ്ശേരി എസ്.ബി. കോളേജ്,**

**തൃശ്ശൂർസെന്റ് തോമസ് കോളേജ് എന്നിവിടങ്ങളിൽ പ്രഫസറായിരുന്നു.**

**പുരോഗമന**

**സാഹിത്യസംഘടനയുടെ**

**സ്ഥാപകാധ്യക്ഷൻ,**

**സൈഹിത്യ**

പ്രവർത്തക സഹകരണസംഘത്തിന്റെ അദ്യ പ്രസിഡന്റ്
എന്നീ
നിലകളിൽ പ്രവർത്തിച്ചു.

ചങ്ങമ്പുഴ കൃഷ്ണപിള്ള

(1911-1948)

എറണാകുളത്തെ ഇടപ്പള്ളിയിൽ ജനനം. കാൽ-
പനികപ്രസ്ഥാനത്തിൽ ശ്രദ്ധേയൻ. രമണൻ, ബാഷ്പാഞ്ജലി,
സങ്കല്പകാന്തി, സ്പന്ദിക്കുന്ന അസ്ഥിമാടം, പാടുന്ന പിശാച്,
സ്വരരാഗസുധ, യവനിക, കളിത്തോഴി, അമൃതവീചി, രക്തപു-
ഷ്പങ്ങൾ തുടങ്ങിയവ തുടങ്ങിയവ പ്രധാന കൃതികൾ. നിരവധി
വിവർത്തനകൃതികൾ ചങ്ങമ്പുഴയുടേതായിട്ടുണ്ട്.

# രക്ഷസ്

കഥ

മണിമംഗലം തറവാട്ടിലെ ഏക പെൺ തരിയാണ് വേദലക്ഷ് മി. മൂന്ന്
സഹോദരന്മാർക്ക് അനിയത്തിയായ് ആനക്കാട് തറവാട്ടിലെ
ദേവയാനിയുടെയും

രാധാകൃഷ്ണന്റെയും മകളായി വേദ എന്ന ഓമന പേരിൽ അവള് വളർന്നു.
അപ്പോഴാണ് വേദയുടെ ശരീരത്തിൽ സംഭവിക്കുന്ന മാറ്റങ്ങള്
ദേവയാനിയുടെ

കണ്ണിൽ പെട്ടത് . ഭർത്താവിന്റെ അമ്മയോട് സംശയം ചോദിച്ചെങ്കിലും

കൃത്യമായ ഉത്തരം കിട്ടിയില്ല. പേടിച്ചുപോയ ദേവയാനി ഭർത്താവ്
വന്നതേ

പറഞ്ഞു.

പിന്നീട് വേദയെയും കൂട്ടി ആശുപത്രിയിലേക്ക് പോയി. അവിടെ
അവരെ ഭീതിയിലാഴ്ത്ത
ിയ ഒന്നായിരുന്നു തങ്ങളുടെ മകള് ക്ക്

മാരകമായ രോഗമാണ് എന്നത് . പിന്നീട് ഒരുപാട് പ്രാർത്ഥനകളും
മരുന്നു

കളുമായി ഒരുപാട് വർഷങ്ങള് കടന്നുപോയി.
വർഷങ്ങള്ക്ക
് ശേഷം ഒരു ദിവസം രാധാകൃഷ്ണന്റെ
സഹോദരൻ ദേവരാജനും കുടുംബവും വിദേശത്തുനിന്ന് തന്റെ
തറവാട്ടിലേക്ക്

അവധിക്കു കടന്നുവന്നു. ഭാര്യ ലക്ഷ്മ
ിയും ഏകമകള് തേജാലക്ഷ് മിയും അടങ്ങു

ന്നതാണ് ദേവരാജന്റെ കുടുബം. തേജയും വേദയും കൂട്ടുകാരായി മാറി.
കൂട്ടുകാരില്
നിന്നും ബന്ധുക്കളില് നിന്നും അവഗണന ലഭിക്കുന്ന വേദയ്ക്ക് ഒരു
ആശ്വാസം
ആയിരുന്നു തേജ. അയല്വ
ക്കത്തെ ജാനകിയമ്മായി ഇടയ്ക്കിടെ വേദയെ കാണാ
ൻ വരാറുണ്ടായിരുന്നു. അങ്ങനെ ഒരു ദിവസം വന്നപ്പോള് തേജയെയും
കണ്ടു.
അമ്മായി തേജയോട് പറഞ്ഞു, തന്റെ കൂടെ വന്നാല്
ഇവിടെയൊക്കെയൊന്ന്
ചുറ്റിക്കാണിക്കാം. തേജ സന്തോഷത്തിലായി. എന്നാല് വേദയ്ക്ക്
തേജയോട്
അനിഷ്ടമാവാൻ ഒരു കാരണമായിരുന്നു അത് . എങ്കിലും വേദയത്
പ്രകടിപ്പിച്ചില്ല.തന്റെ ഗ്രാമത്തെ കുറിച്ച് വാചാലയായി സംസാരിച്ച വേദ
തേജയോട്
ജാനകിയമ്മായിയുടെ വീട്ടിലുള്ള തുടുത്ത മാമ്പഴങ്ങളെ കുറിച്ച്
പറഞ്ഞു.ഇതൊന്നും
കഴിക്കാത്ത തേജയ്ക്ക് ഇതൊരു അത്ഭുതമായിരുന്നു. ഇരുവരും ആരോടും
പറയാതെ
മാങ്ങ പറിക്കാൻ ഇറങ്ങി. തേജ പറഞ്ഞു, വേദയ്ക്ക വയ്യാത്തതല്ലേ, താൻ
ഇവിടെ
നില്ക്ക
്, ഞാൻ പോയിട്ടു വരാം. എന്നും പറഞ്ഞ് തേജ ഒറ്റയ്ക്ക പോയി.
മാമ്പഴങ്ങള്

പെറുക്കി കൂട്ടി. അപ്പോഴേക്കും അമ്മായിയുടെ മകൻ ദീപക് തേജയെ പിറകില്

നിന്ന് തള്ളിയിട്ട് മാമ്പഴം തട്ടിയെടുത്തു. അവളെ വഴക്കും

പറഞ്ഞു.തേജയുടെ

നെറ്റി പൊട്ടി രക്തം ഒഴുകി. ദീപു അവളോട് മാമ്പഴങ്ങള്ക്ക

് പണം ആവശ്യപ്പെട്ടു.

ഞാൻ വീട്ടില് പോയി എടുത്തുകൊണ്ട് വരാം എന്ന് തേജ പറഞ്ഞു. എന്നാല്

ദീപു സമ്മതിച്ചില്ല. തേജ കാലില് കിടന്ന സ്വർണ്ണപാദസരം ഊരി അവന്റെ

കൈയ്യില് കൊടുത്തിട്ട് പറഞ്ഞു. ഞാൻ കൊണ്ട് വരുമ്പോള് ഇത് എനിക്ക്

തിരികെ നല്ക

ണം. അവള് മാമ്പഴം തട്ടിയടുത്ത് ഓടി വീട്ടിലേക്ക് . വീട്ടിലെത്തിയ

തേജ ഒരുപാട് നുണ പറഞ്ഞു പിടിച്ചു നില് ക്കാന് . പിറ്റേ ദിവസം തേജ അമ്മയുടെ

പേഴ്സില് നിന്ന് നൂറു രൂപയും കൊണ്ട് ഓടി ദീപുവിന്റെ അടുത്തേക്ക് . ആ പണവും

കൊടുത്ത് തന്റെ പാദസരവും വാങ്ങി തേജ തിരികെ വന്നു. തേജയും ദീപുവും

കൂട്ടുകാരായി മാറി. അതിനുള്ള ഒരു അവസരമായിരുന്നു ആ മാമ്പഴം

പെറുക്കല് .

വേദയ്ക്ക് ദീപുവിനെ ഇഷ്ടമായിരുന്നു. എന്നാല് വേദയുടെ രോഗം അതിനൊരു

തടസ്സമായിരുന്നു. ഈ അവസരത്തില് തേജയും ദീപുവും
പിരിയാനാവാത്ത
വിധത്തില് അടുത്തു പോയി. ഇത് വേദയില് തേജയോടുള്ള ദേഷ്യം
ഇരട്ടിയായി.
ഇതിനിടയില് ദേവരാജന് വിദേശത്ത് ഒരു
വാഹനാപകടത്തില് മരണപ്പെട്ടു. പിന്നീട് അവിടുത്തെ സ്വത്തുക്കളെല്ലാം
തന്റെയും
മകളുടെയും മാറ്റാനും മറ്റു കാര്യങ്ങളെല്ലാം ശരിയാക്കാനുമായി ലക്ഷ്മി
വിദേശത്തേക്ക് തിരികെ പോയി. ഈ സമയം ദേവയാനിയും കൂടി ഒരു
ജോത്സ്യനെ
കാണുകയും അദ്ദേഹത്തോട് കാര്യങ്ങള് സംസാരിക്കുകയും ചെയ്തു.
അയാള് പറഞ്ഞത് മുൻതലമുറയിലെ ഒരാളുടെ പാപം കൊണ്ട്
സംഭവിച്ചതാണ്എന്നും സമപ്രായക്കാരിയായ ഒരു പെണ് കുട്ടി
സ്വമനസ്സാ ഏറ്റെടുക്കണം എന്നും
പറഞ്ഞു. ഈ പരിഹാരത്തിന് കുട്ടി സ്വമനസ്സാ തയ്യാറാവണം. ഇത്
കേട്ടതും
ഇവര്ക്ക
് ഓർമ്മ വന്നത് തേജയുടെ മുഖമാണ് . അങ്ങനെ തേജയോട് തന്റെ
ജീവിതമാണ് വേദയ്ക്ക് കൊടുക്കേണ്ടത് എന്ന് പറയാതെ തേജയെക്കൊണ്ട്
സമ്മതിപ്പിച്ചു. അങ്ങനെ വേദയുടെ രോഗം തേജ ഏറ്റെടുത്തു. വളരെ
കഷ്ടപ്പെട്ട്
അമ്മയുമായുള്ള വീഡിയോകോളില് നിന്നും തേജ ഒഴിഞ്ഞുമാറി.
കാര്യം നടന്നു കഴിഞ്ഞപ്പോള് തേജയോടുള്ള
ദേവയാനിയുടെ സമീപനം ആകെ മാറി മറഞ്ഞു. ഒരു ദിവസം വേദ

പാലില്

വിഷഗുളിക കലക്കികൊടുത്ത് തേജയെ വേദ കൊലപ്പെടുത്തി. പിന്നീട്

,എല്ലാം

അറിഞ്ഞെത്തിയ ലക്ഷ്മി, ദേവയാനിയോടും രാധാകൃഷ്ണനോട് പരുഷമായി

പെരുമാറി. ദേവയാനിയും ലക്ഷ്മിയും തമ്മിലുള്ള കൈയ്യേറ്റത്തില് ബാല്
ക്കണിയില്

നിന്ന് താഴെ വീണ് മരിച്ചു.

ആ തറവാട്ടില് തേജയുടെ ആത്മാവ് കറങ്ങി നടന്നു.
വേദയെയും കുട്ടുംബത്തെയും സമാധാനത്തോടെ കഴിയാൻ തേജ

അനുവദിച്ചിട്ടില്ല.

# മരണമില്ലാത്ത ജീവിതം

**കവിത**

നിഴലായ് കൂടെ നിന്നിട്ടും കാണാതെ പോയ്
ഭയമാം തീയെരിയും നരകങ്ങളിൽ
ഒരു കാതമൊന്നു തിരിഞ്ഞു നോക്കാതെ
കഴുകന്റെ കണ്ണുകൾക്കെന്നെ കുരുതി
കൊടുത്തിട്ടു നീ മാഞ്ഞുപോയ്
മനസ്സിന്റെ താഴ്വരയിൽ മേഘങ്ങൾ
ഇരുണ്ടു കൂടി പ്രളയത്തിൽ ഒലിച്ചുപോയ്
കടലിൽ ലയിച്ചു നിൻ  ഓർമകൾ
ചക്രവാളത്തിലായ് അണഞ്ഞു
എങ്കിലും അടിത്തട്ടിലെവിടെയോ
മായാതെ നിൽപ്പൂ നീ
കാറ്റിൽ നീയെന്നു കരക്കടുക്കമെന്നു
കാത്തു നിന്നു ഞാൻ

# ഊഞ്ഞാൽപ്പാട്ട്

ഊഞ്ഞാലൂഞ്ഞാലെ.......
ഓണപ്പൊന്നൂഞ്ഞാലേ
അക്കരെയിക്കരെ, യാലോലം
ചാഞ്ഞെത്തിട്ടൂഞ്ഞാലേ
അമ്പിളി വാനത്തിൽ
പൊൻകിണ്ണം വെക്കുന്നു......
നാഴൂരിപ്പാൽകൊണ്ട്
നാടാകെ തൂകുന്നു
(ഊഞ്ഞാലൂ)
പാടത്തെപ്പൂത്തിലഞ്ഞി
പരിമളംപാറുന്നു...
നക്ഷത്രമുല്ലയെല്ലാം മുത്തുക്കുട ചാർത്തുന്നു...
(ഊഞ്ഞാലൂ)
കരൾനിറയെപ്പാട്ടുണ്ട്
തിരുവോണക്കോടിയുണ്ട്
ആടിയുയരുവാനി
മാലിലൊരൂഞ്ഞാലുണ്ട്
ഓണമാഓണമായി തിരുവോണമായല്ലോ നാളെ
(ഊഞ്ഞാലൂ...)

BY

MUHAMMAD.V

# നിഴൽ

**നീ  എന്റെ കൂട്ടുകാരൻ**
**നേരം പുലരും നേരം**
**കൂട്ടായ് എത്തും നിഴൽ**
**പുലരാറായാൽ താങ്ങായ് കൂട്ടായെത്തും പ്രായം**

**ഒരു കുടുംബമായ് നല്ല സുഹൃത്ത്  ബന്ധം**
**പുലരുമ്പോഴേക്കും ഓടിയെത്തും സൗഹൃദം**

**നിഴലേ നീ യാണെന്റെ സുഹൃത്ത്**
**നിഴലേ നീയാണെന്റെ  നിഴൽ**
**പോകലേ നീ രാവുകൾ മയങ്ങുന്നു**
**അകല്ലേ നീ എന്നെവിട്ട്**

## [നിഴലേ നീ യാണെന്റെ]

# കൊഞ്ചിപ്പാട്ടും പൂമ്പാറ്റ

കവിത

ചേലേറും ചേമന്തിപ്പൂ
ചാരെ വിരിഞ്ഞൊരു തോട്ടത്തിൽ
ചേലെഴുന്നൊരു ഉടുപ്പിട്ട്
ചിത്രപതംഗം വന്നെത്തി

ഒരോപൂവിനു ഉമ്മകൊടുത്തു
പൂവിൻ കാതിൽ കൊഞ്ചിപ്പാടി
പുള്ളിയുടുപ്പിൻ ചന്തത്തിൽ
നൃത്ത്യം ചെയ്തു പൂമ്പറ്റ

പാട്ടും നൃത്ത്യവുമായിട്ടങ്ങനെ
ശലഭം തീർക്കും പൊടിപൂരം
എല്ലാം കണ്ട് ചാഞ്ചാടീടും

## പൂവിൻ ചിരിയോ ബഹുകേമം

## by

## jasal 9C

# നന്ദി

## ലിറ്റിൽ കൈറ്റ് യൂണിറ്റ്

## ജി.എച്ച്.എസ്.എസ്. തരിയോട്

## രജി.നമ്പർ- LK / 15019 / 2018

## വയനാട്


ആകാശപ്പട്ടങ്ങൾ